**Network of Asia and Pacific Producers, കുട്ടികളെയും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരെയും സംരക്ഷിക്കാനുള്ള നയം**

**ഡിസംബർ 2017**

**ആരോടൊപ്പമാണ് നടപ്പാക്കുന്നത്:** Network of Asia and Pacific Producers (*NAPP*), Fairtrade/ NAPP ജീവനക്കാരുടെയും പ്രൊഡ്യൂസർമാരുടെയും സംഘടനകൾ, NAPP ഉദ്യോഗസ്ഥർ, NAPP യുമായി ചേർന്നു പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകർ, NAPP യുടെ ബോർഡ് ഓഫ് ഡയറക്ടർമാർ, വിവിധ കമ്മറ്റികൾ, അല്ലെങ്കിൽ സംഘടനയെ പ്രതിനിധീകരിച്ച് കുട്ടികളുടെയും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരുടെയും സംരക്ഷണത്തിനായി അവരുമായി നേരിട്ടു ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ, അല്ലെങ്കിൽ NAPP യ്ക്കു വേണ്ടി പ്രവർത്തിക്കുകയും ഔദ്യോഗികമായി യാത്രകൾ ചെയ്യുന്നവരുമായി ചേർന്ന്.

**നയം:** കുട്ടികളുടെയും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരുടെയും സംരക്ഷണം പ്രോത്സാഹിപ്പിക്കുന്ന ഒരു പദ്ധതി നടപ്പാക്കുകയും, ബാലവേല, നിർബന്ധിത വേല, ഇവയുമായി ബന്ധപ്പെട്ട ചൂഷണം, പീഡനം എന്നിവ തടയുന്നതിനു സഹായിക്കുന്ന പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് NAPP യുടെ നയം.

**എ. ലക്ഷ്യം:**

United Nations ന്റെ കുട്ടികളുടെ അവകാശങ്ങൾക്കായുള്ള കൺവെൻഷനും, മനുഷ്യാവകാശങ്ങൾക്കുള്ള ആഗോള പ്രസ്താവനയും, കുട്ടികലുടെ അവകാശങ്ങൾ ഉൾപ്പടെയുള്ള വ്യക്ത്യവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്നു.

ഞങ്ങൾ NAPP (Network of Asia and Pacific Producers) യിലുള്ളവർ കുട്ടികളുടെയും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരുടെയും സംരക്ഷണം, വികാസം, സൌഖ്യം എന്നിവയ്ക്കുള്ള അവകാശങ്ങൾ തിരിച്ചറിയുകയും, അവ ഉറപ്പുവരുത്തുവാൻ പ്രവർത്തിക്കുകയും ചെയ്യുന്നതാണ് ഈ അവകാശങ്ങളെ പിന്തുണയ്ക്കുന്നതിന് കാരണം. കുട്ടികളെയും, സ്വയം രക്ഷിക്കാനാകാത്ത മുതിർന്നവരെയും പ്രതികൂലമായി ബാധിക്കുന്ന ഏതു തരം ഭീഷണികൾക്കുമെതിരെ പ്രവർത്തിക്കുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

കുട്ടികളുടെയും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരുടെയും താത്പര്യസംരക്ഷണത്തിനായി പ്രവർത്തിക്കുവാൻ NAPP ബന്ധപ്പെടുന്ന എല്ലാ NAPP ഉദ്യോഗസ്ഥർ, ചെറുകിട നിർമ്മാതാക്കൾ, തൊഴിലാളികൾ എന്നിവരുടെ സംഘടനകൾ, ഞങ്ങളുടെ ബോർഡ് ഓഫ് ഡയറക്ടർമാർ, അവരുടെ കമ്മീഷനുകൾ, താത്കാലികമായി NAPP യ്ക്കു വേണ്ടി പ്രവർത്തിക്കുന്നവർ എന്നിവർ കുട്ടികളുടെയും, സ്വയം രക്ഷിക്കാനാകാത്ത മുതിർന്നവരുടെയും സൌഖ്യമാണ് നമ്മുടെ ബന്ധത്തിന്റെ അടിസ്ഥാനം എന്നു മനസ്സിലാക്കി

പ്രവർത്തിക്കുവാൻ ഞങ്ങൾ താത്പര്യപ്പെടുന്നു.

കുട്ടികളുടെയും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരുടെയും സംരക്ഷണം സംബന്ധിച്ച നയം അവരുടെ ഇക്കാര്യത്തിലുള്ള അവകാശങ്ങളെക്കുറിച്ച് ഞങ്ങൾ മനസ്സിലാക്കുന്നതിനെ അടിസ്ഥാനമാക്കി രൂപീകരിച്ചിരിക്കുന്നതും, ഇക്കാര്യത്തിൽ ഞങ്ങൾ കൈക്കൊള്ളുന്ന നടപടികൾ UN ന്റെ കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള കൺവെൻഷൻ, UN ന്റെ മനുഷ്യാവകാശ പ്രസ്താവനയിൽ എടുത്തുപറഞ്ഞിരിക്കുന്ന കുട്ടികളുടെയും, സ്വയം രക്ഷിക്കാനാകാത്ത മുതിർന്നവരുടെയും സംരക്ഷണത്തിനുള്ള ലേഖനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്.

കുട്ടികളുടെയും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരുടെയും അവകാശങ്ങൾ സംരക്ഷിച്ച് അവരെ ചൂഷണത്തിൽ നിന്നും, പീഡനത്തിൽ നിന്നും, നാശത്തിൽ നിന്നും രക്ഷപ്പെടുത്താൻ സഹായിക്കുന്ന എല്ലാ നടപടികളും കൈക്കൊള്ളുവാൻ NAPP എപ്പോഴും തയ്യാറായിരിക്കുമെന്ന് ഉറപ്പുനൽകുന്നു.

**ബി. നിർവചനങ്ങൾ: കുട്ടി***:* 18 വയസ്സിനു താഴെയുള്ള ഏതൊരു വ്യക്തിയും

***ബാലവേല:***

"ബാലവേല" എന്നതിന് ഒരു ആഗോള നിർവചനമില്ല, എന്നാൽ ആന്താരാഷ്ട്രതലത്തിലും, നിയമവിധേയമായും ബാലവേല നിർവചിക്കാൻ പ്രാഥമികമായി നിയോഗിക്കപ്പെട്ട സംഘടനകൾ, International Labour Organization (ILO) കൺവെൻഷനുകൾ, കുട്ടികളുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള UN കൺവെൻഷൻ (CRC) എന്നിവയാണ്.

ILO യുടെ നിർവചനപ്രകാരം ബാലവേല എന്നാൽ:

- കുട്ടികൾക്ക് മാനസികമായും, ശാരീരികമായും, സാമൂഹ്യപരമായും, ധാർമ്മികമായും അപകടകരവും, ചൂഷണപരവും, ഹാനികരവുമായ ജോലികൾ; കൂടാതെ
- കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസത്തിൽ താഴെപ്പറയുന്ന ഫലങ്ങൾ ഉളവാക്കുന്നു:
    - സ്കൂൾ വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടമാക്കുന്നു;
    - ചെറുപ്രായത്തിൽ സ്കൂൾ വിട്ടുപോകാൻ നിർബന്ധിതരാക്കുന്നു; അല്ലെങ്കിൽ
    - ദൈർഘ്യമേറിയതും കഠിനവുമായ ജോലികളും സ്കൂളിലെ അറ്റൻഡൻസും ഒന്നിച്ചുകൊണ്ടുപോകുവാൻ നിർബന്ധിതരാകുന്നു.

അപകടകരമായ ജോലി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, ആ ജോലിയുടെ സ്വഭാവമോ, ചെയ്യുന്ന സാഹചര്യമോ മൂലം, അവിടെ ജോലി ചെയ്യുന്ന പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് ശാരീരിക, മാനസിക, ധാർമ്മിക, സാമൂഹികാവസ്ഥകൾക്ക് അപകടം സംഭവിക്കാനുള്ള സാദ്ധ്യതയുള്ള

ജോലിയെയാണ്.

ബാലവേലയുടെ ഏറ്റവും അധമമായ രൂപങ്ങളെ അടിമവേല, മനുഷ്യക്കടത്ത്, കടപ്പണയം, മറ്റേതെങ്കിലും രീതിയിലുള്ള നിർബന്ധിത വേല, അതായത് സായുധ സംഘട്ടനങ്ങളിൽ കുട്ടികളെ ഉപയോഗിക്കുക, വാണിജ്യാടിസ്ഥാനത്തിൽ ലൈംഗികചൂഷണത്തിനിരയാക്കുക, കുട്ടികളുടെ ലൈംഗികത ചിത്രീകരിക്കുക, മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയായിട്ടാണ് അന്താരാഷ്ട്രതലത്തിൽ നിർവചിച്ചിരിക്കുന്നത്.

***കുട്ടികളുടെ സംരക്ഷണം:***

NAPP യിൽ ഞങ്ങൾ കുട്ടികളുടെ സംരക്ഷണം എന്നതുകൊണ്ട് നിർവചിക്കുന്നത് കുട്ടികളെ നീചമായ തൊഴിലുകൾ, ആക്രമണം, ചൂഷണം, പീഡനം, അവഗണന എന്നിവയിൽ നിന്ന് സംരക്ഷിക്കുന്നതിനും, അതേസമയം തന്നെ കുട്ടികളുടെ സൌഖ്യവും, വികാസവും മുൻനിർത്തി അവർക്ക് പിന്തുണ നൽകുന്നതുമാണ്.

***കുട്ടികളുടെ സൌഖ്യവും വികാസവും:***

കുട്ടികൾ കർമ്മോന്മുഖരും, സക്രിയരുമായ പൌരന്മാരായി വളർന്നു വരേണ്ടതിന്റെ ഭാഗമായി കഴിവുകളും, അറിവും നേടുകയും അവ വികസിപ്പിക്കുകയും ചെയ്യുന്നു. സാഹചര്യങ്ങൾ അനുകൂലമായിരിക്കുമ്പോഴും, അവർ സന്തുഷ്ടരായിരിക്കുമ്പോഴുമാണ് കുട്ടികൾക്ക് ഇതിനു കഴിയുന്നത്. ഔപചാരിക വിദ്യാഭ്യാസമാണ് കഴിവുകളും അറിവും നേടാൻ സഹായിക്കുന്നത്, ഇതുകൂടാതെ ജോലി, ജീവിതപരിചയം, കളികൾ എന്നിവയും ഒരു നല്ല പൌരനെ വളർത്തിയെടുക്കുന്നതിൽ സഹായിക്കുന്നു.

***നിർബന്ധിത തൊഴിൽ:***

ഭീഷണിപ്പെടുത്തിയോ, ഒരു ശിക്ഷയെന്ന നിലയിലോ ഒരു വ്യക്തിയിൽ നിന്ന്, അയാൾ സ്വയം തയ്യാറാകാതെയിരിക്കുമ്പോൾ നിർബന്ധപൂർവം സേവനം ചെയ്യിക്കുന്നതിനെയാണ് നിർബന്ധിത തൊഴിൽ എന്നു പറയുന്നത്. ഇതുകൂടാതെ അടിമവേല, തട്ടിക്കൊണ്ടു പോകൽ. പൊതുസേവനങ്ങൾ, ജയിൽ ജോലികൾ എന്നിവയുടെ ദുരുപയോഗം, നിർബന്ധിത റിക്രൂട്ട്മെന്റ്, കടബാദ്ധ്യതപ്പെടുത്തൽ, വീട്ടു ജോലിക്കാരെ നിർബന്ധിത സാഹചര്യങ്ങളിൽ ജോലി ചെയ്യിക്കുക, കൂടാതെ അടിമത്തം, അടിമത്തത്തിനു സമാനമായ സാഹചര്യങ്ങൾ സൃഷ്ടിച്ച് തൊഴിൽ, ലൈംഗികത്തൊഴിൽ എന്നിവയ്ക്കായി നടത്തുന്ന ദേശീയവും അന്തർദ്ദേശീയവുമായ മനുഷ്യക്കടത്ത് എന്നിവയും ഉൾപ്പെടുന്നു. നിർബന്ധിത തൊഴിലിന് ILO നൽകിയിരിക്കുന്ന നിർവചനങ്ങളിൽ (ILO 182ൽ പ്രത്യേകം സൂചിപ്പിച്ചിട്ടുള്ള) ഏറ്റവും മോശമായ ബാലവേലകളും ഉൾപ്പെടുന്നു.

**പ്രലോഭനത്താൽ വശംവദരാകാവുന്ന മുതിർന്നവർ:**

18 വയസ്സിനു മുകളിൽ പ്രായമുള്ള, നിർബന്ധിത തൊഴിൽ സാഹചര്യങ്ങളിൽ നിന്ന് ഉരുത്തിരിയുന്ന ഗുരുതരമായ ചൂഷണങ്ങളിൽ നിന്ന് സ്വയം സംരക്ഷിക്കാൻ

കഴിവില്ലാത്ത  വ്യക്തി

**സി: ഈ നയത്തിന്റെ വ്യാപ്തി:**

ഈ നയം എല്ലാ NAPP ഉദ്യോഗസ്ഥർക്കും എല്ലാ NAPP ബോർഡ് ഓഫ് ഡയറക്ടർമാർക്കും, അവരുടെ കമ്മറ്റികൾക്കും ബാധകമാണ്. ഇത് ഈ സംഘടനയെ പ്രതിനിധീകരിക്കുന്നതും, കൂടാതെ/അല്ലെങ്കിൽ ഇതിനു വേണ്ടി കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാ വ്യക്തികൾക്കും, NAPP യ്ക്കു വേണ്ടി ഔദ്യോഗികമായി യാത്ര ചെയ്യുകയും, കുട്ടികളുമായി നേരിട്ട് ഇടപെടുന്നവരുമായ എല്ലാ വ്യക്തികളും പിന്തുണ്ടരേണ്ട ഉത്തരവാദിത്തങ്ങൾ, നടപടിക്രമങ്ങൾ എന്നിവ വിശദീകരിക്കുന്നു.

ഇതുമാത്രമല്ല NAPP, National Networks, the Organizations of small producers and workers എന്നിവയെ അവരുടെ പ്രവർത്തന പരിധികൾക്കുള്ളിൽ ഈ നയത്തിന്റെ പ്രചാരണത്തിനായി അല്ലെങ്കിൽ/കൂടാതെ NAPP യുടെ പൊതു നയത്തിൽ അധിഷ്ഠിതമായി അവരുടെ സ്വന്തം നയങ്ങളും നടപടിക്രമങ്ങളും വികസിപ്പിച്ചെടുക്കാനും ക്ഷണിക്കുന്നു.

**ഡി. പ്രസ്താവന:**

**NAPP കുട്ടികൾക്കും, സ്വയം രക്ഷിക്കാനാകാത്ത മുതിർന്നവരുടെയും സംരക്ഷണത്തിനായി പ്രതിരോധ പരിപാടികൾ എടുക്കുന്നതിൽ പ്രതിജ്ഞാബദ്ധരാണ്, കൂടാതെ ആവശ്യമുള്ള സന്ദർഭങ്ങളിൽ ദീർഘകാല സംരക്ഷണവും പിന്തുണയും വാഗ്ദാനവും ചെയ്യുന്നു** ഇത് ഏറ്റവും അധമമായ ബാലവേല, അല്ലെങ്കിൽ നിർബന്ധിത തൊഴിൽ എന്നിവ മൂലമുള്ള ചൂഷണത്തിന്റെയും, പീഡനത്തിന്റെയും ഓരോ സന്ദർഭത്തിലും, അത് ഈ വൻകരയിൽ (ഏഷ്യ പസഫിക്) Fair Trade പ്രൊഡക്ഷന്റെ പരിഗണനയ്ക്ക് വരുന്നതനുസരിച്ചായിരിക്കും.

ഈ പ്രവർത്തനങ്ങൾ വഴി NAPP ആഗ്രഹിക്കുന്നത് കുട്ടികളെയും, കൌമാരക്കാരെയും, സ്വയം സംരക്ഷിക്കാൻ കഴിയാത്ത മുതിർന്നവരെയും ഏതുതരം പ്രതികൂലസാഹചര്യങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്നതിൽ സക്രിയമായ പങ്കു വഹിക്കാനും, കുട്ടികളുടെയും സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരുടെയും അവകാശങ്ങൾ സംരക്ഷിക്കാനുമാണ്. കുട്ടികൾക്കും സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർക്കും ഏതു തരത്തിലുമുള്ള പീഡനം, ചൂഷണം, മോശമായ പെരുമാറ്റം എന്നിവയിൽ നിന്ന് സംരക്ഷണം നൽകുന്നതിനുള്ള സുരക്ഷിതമായ നടപടികൾ പ്രചരിപ്പിക്കാനുള്ള ഉത്തരവാദിത്തം ഞങ്ങൾ ഗൌരവമായി കാണുന്നു. ഇതു കൂടാതെ, തങ്ങൾ അനുഭവിക്കുന്ന ചൂഷണം, അല്ലെങ്കിൽ പീഡനം എന്നിവയെക്കുറിച്ച് വിവരം നൽകുന്ന കുട്ടികളെയും മുതിർന്നവരെയും സംരക്ഷിക്കുമെന്നുകൂടി ഞങ്ങൾ വാക്കുതരുന്നു.

നടപടികൾ താഴെപ്പറയുന്നവയിൽ പ്രത്യേകമായ ശ്രദ്ധ നൽകുന്നതാണ്:

- NAPP ഉദ്യോഗസ്ഥർ, ബോർഡ് ഓഫ് ഡയറക്ടർമാർ, നാഷണൽ നെറ്റ്വർക്ക്സ്,

ഉത്പാദകരുടെയും ജീവനക്കാരുടെയും സംഘടനകൾ, Fair Trade പ്രൊഡക്ഷന്റെ പ്രവർത്തന പരിധിയ്ക്കുള്ളിൽ വരുന്ന സമൂഹങ്ങൾ (സാദ്ധ്യമായ സമയത്ത്), സന്നദ്ധ പ്രവർത്തകർ, അല്ലെങ്കിൽ സംഘടനയെ പ്രതിനിധീകരിക്കുന്ന ഏതെങ്കിലും വ്യക്തികൾ എന്നിവർക്കുള്ള പരിശീലനം. ഈ പരിശീലനം ബാലവേല, അതിന്റെ ഏറ്റവും അധമമായ രൂപം, നിർബന്ധിത തൊഴിൽ, ഇവയുടെ നിർവചനം, ഇത്തരം സാഹചര്യങ്ങളിൽ Fair Trade മാനദണ്ഡങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും നടക്കുക.

- അംഗ സംഘടനകൾക്ക് കുട്ടികളുടെ വികാസം, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരുടെ സൌഖ്യം, ജനറേഷണൽ റീപ്ലെയ്സ്മെന്റ് എന്നിവ കേന്ദ്രീകരിച്ചുള്ള പദ്ധതികളുടെ നടത്തിപ്പിൽ സഹായം
- ലിംഗപരമായ വിവേചനം, പ്രത്യേക സംഭവങ്ങൾ എന്നിവ ഉൾപ്പടെയുള്ള ബാലവേല, നിർബന്ധിത ബാലവേല എന്നിവയെ തിരിച്ചറിയുന്നതിനും, പ്രതികരിക്കുന്നതിനുമായി ഉത്പാദക സംഘടനകൾക്ക് സഹായം
- Fairtrade International, മറ്റു വിദഗ്ധരോടൊപ്പം ചേർന്ന് വികസിപ്പിച്ചെടുത്തിട്ടുള്ള, യുവാക്കളെ ഉൾപ്പെടുത്തിയും, സമൂഹങ്ങൾ അടിസ്ഥാനമാക്കിയുള്ള മേൽനോട്ടവും, പ്രശ്നപരിഹാരവും നടപ്പിലാക്കാൻ താത്പര്യമുള്ള അംഗ സംഘടനകൾക്ക് സാങ്കേതിക സഹായം
- കുട്ടികളുടെ സംരക്ഷണത്തിനുള്ള UN കൺവെൻഷൻ, ILO 138, ILO 182 എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുന്ന, ILO കൺവെൻഷനുകൾ 29, 105, നിർബന്ധിത തൊഴിൽ, വിവേചനം എന്നിവയ്ക്കുള്ള 111 എന്നിവ അടിസ്ഥാനമാക്കി കുട്ടികളുടെയും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരുടെയും സംരക്ഷണത്തിൽ പ്രത്യേക ശ്രദ്ധ നൽകുന്ന ഏജൻസികളുമായി സഹകരണം രൂപീകരിച്ച്, ഒരു പ്രത്യേക സാഹചര്യം ഉരുത്തിരിയുകയാണെങ്കിൽ വ്യക്തമായ തെളിവുകളോടുകൂടി ഞങ്ങൾക്ക് അക്കാര്യം ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങൾ, വിദഗ്ധ സംഘടനകൾ എന്നിവരെ വിവരമറിയിക്കാനുള്ള പിന്തുണയും, ഉപദേശവും നൽകുക കൂടാതെ ബാലവേല, നിർബന്ധിത തൊഴിൽ, ലിംഗപരമായ വിവേചനം എന്നീ സാഹചര്യങ്ങളിൽ ബാധിതരായ വ്യക്തികൾക്ക് പിന്നീട് കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തൽ.
- Fair Trade പ്രൊഡക്ഷൻ, പ്രോസസിങ് എന്നിവയുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ കുട്ടികൾക്കും സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർക്കും ഏതു തരത്തിലുമുള്ള പീഡനം, അല്ലെങ്കിൽ ചൂഷണം നടന്നു എന്നു ഞങ്ങൾ അറിയുകയാണെങ്കിൽ, അതിന്റെ ഏറ്റവും ഉയർന്ന നിലയിലുള്ള രഹസ്യ സ്വഭാവം സൂക്ഷിച്ചുകൊണ്ട്, ഇതിനെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളെ വിവരമറിയിക്കുന്നതിനുള്ള പ്രതിബദ്ധത ഞങ്ങൾ ഉറപ്പുനൽകുന്നു. ഞങ്ങളുടെ തീരുമാനങ്ങളും പ്രവർത്തനങ്ങളും “കുട്ടികൾക്കും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർക്കും ഏറ്റവും ഗുണപരമായ കാര്യങ്ങൾ ചെയ്യുക” എന്ന തത്വത്തിൽ അടിസ്ഥാനമാക്കിയാണ്. ഈ സമയത്ത് ഇവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും മുൻഗണന നൽകുന്നു.

**ഇ. നടപടിക്രമങ്ങൾ:**

NAPP ഉദ്യോഗസ്ഥർ, NAPP ബോർഡ് ഓഫ് ഡയറക്ടർമാർ, കമ്മിഷനുകൾ, സംഘടനയെ പ്രതിനിധീകരിക്കുന്നതോ, സംഘടനയുമായി ബന്ധമുള്ളതോ ആയ വ്യക്തികൾ എന്നിവർ താഴെപ്പറയുന്ന നടപടിക്രമങ്ങൾ സ്വീകരിക്കുന്നതു വഴി ഉറപ്പുതരുന്നത് അവർ:

- കഠിനമായ ബാലവേലകൾ എന്നു നിർവചിക്കാവുന്ന അടിമവേല, കുട്ടികളെ കടത്തൽ, കടപ്പെടുത്തി വേല ചെയ്യിക്കൽ, സായുധ സമരങ്ങൾ, വാണിജ്യാടിസ്ഥാനത്തിലുള്ള ലൈംഗിക ചൂഷണം, ലൈംഗികചിത്രനിർമാണം, മറ്റു നിയമവിരുദ്ധ കാര്യങ്ങൾ എന്നിവയ്ക്കായി കുട്ടികളെയും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരെയും നിർബന്ധിത റിക്രൂട്ട്മെന്റുകൾ നടത്തുക, മറ്റു തരത്തിലുള്ള നിർബന്ധിത തൊഴിലുകൾ ചെയ്യിക്കൽ എന്നിവ മനുഷ്യാവകാശത്തിന്റെ പരിധിയിൽ നിന്ന് മനസ്സിലാക്കുമെന്നും,

- **Annex A യിൽ വിശദീകരിച്ചിരിക്കുന്നതനുസരിച്ച്**, **കുട്ടികളുടെയും**, **സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരുടെയും സംരക്ഷണത്തിനെക്കുറിച്ചുള്ള പ്രതീക്ഷകൾ എന്തെന്നു കൃത്യമായി മനസ്സിലാക്കുകയും**, **NAPP യുടെ പെരുമാറ്റച്ചട്ടം ബഹുമാനിക്കുകയും**,

- NAPP നയം, കുട്ടികൾക്കും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർക്കുമുള്ള സംരക്ഷണ നടപടിക്രമങ്ങൾ എന്നിവ മനസ്സിലാക്കുകയും, അതിനെ സംരക്ഷിക്കുകയും, ഇക്കാര്യം AnnexB യിൽ നൽകിയിരിക്കുന്ന ഫോറം ഒപ്പിട്ട് നൽകി ഉറപ്പുവരുത്തുകയും,

- സംരക്ഷണ നടപടിക്രമങ്ങൾ എന്നിവ മനസ്സിലാക്കുകയും, അതിനെ സംരക്ഷിക്കുകയും കുട്ടികൾക്കും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർക്കുമെതിരെയുള്ള അതിക്രമങ്ങൾ, ചൂഷണം, പീഡനം എന്നിവയ്ക്കെതിരെ സുരക്ഷിതമായി പരാതികൊടുക്കുന്നത് എവിടെയെന്ന് മനസ്സിലാക്കുകയും, തുടർ നടപടികൾ കൈക്കൊണ്ട് അവരുടെ സംരക്ഷണം ഉറപ്പുവരുത്തുകയുമാണ്.

ഇവയെല്ലാം മനസ്സിലാക്കിയ ശേഷം NAPPയുടെ ഉദ്യോഗസ്ഥരും, ബോർഡ് ഓഫ് ഡയറക്ടർമാരും കമ്മീഷണർമാരും:

- കുട്ടികൾക്കും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർക്കുമെതിരെ ഏതെങ്കിലും തരത്തിലുള്ള ചൂഷണം, പീഡനം എന്നിവയുടെ വിശ്വാസയോഗ്യമായ തെളിവുകളുൾപ്പടെയുള്ള വിവരം ലഭിച്ചാൽ സി.ഇ.ഒയെയോ അദ്ദേഹത്തിന്റെ/അവരുടെ സ്ഥാനം വഹിക്കുന്നവരെയോ ബന്ധപ്പെടുകയും, NAPP യുടെ ബാധകമായ നടപടിക്രമങ്ങളും, Annex C യിൽ നൽകിയിരിക്കുന്ന റിപ്പോർട്ടും അനുസരിച്ചുള്ള വിവരം നൽകുകയും ചെയ്യുന്നു. സി.ഇ.ഒ അല്ലെങ്കിൽ അവരുടെ/അദ്ദേഹത്തിന്റെ സ്ഥാനം വഹിക്കുന്നവർ ഈ ആരോപണങ്ങളെക്കുറിച്ച് NAPP ചെയറിനെ അറിയിക്കും. ഇപ്രകാരം ബാധിതരായ കുട്ടികളെ അല്ലെങ്കിൽ സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരെ സംരക്ഷിക്കാനായി എന്തു നടപടികൾ കൈക്കൊള്ളാം എന്നതിനെക്കുറിച്ച് ചെയറും സി.ഇ.ഒ/ സ്ഥാനം വഹിക്കുന്നവരും ചർച്ച ചെയ്ത് തീരുമാനമെടുക്കും. ഈ തീരുമാനങ്ങൾ കുട്ടികൾക്കും, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർക്കും, ഏറ്റവും പ്രയോജനകരമായ രീതിയിൽ നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം സി.ഇ.ഒ അല്ലെങ്കിൽ ആ സ്ഥാനം വഹിക്കുന്നവർക്കാണ്. ഇതിനുള്ള ഉപദേശ സഹായങ്ങൾ കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിദഗ്ധ സംഘടനകളിൽ നിന്ന് സ്വീകരിക്കും. ഇതിനുശേഷമാണ് ഈ സംഭവം നേരിട്ട് സംരക്ഷണ അധികാരികളെയോ, കുട്ടികളുടെ സംരക്ഷണത്തിന് ഉത്തരവാദപ്പെട്ട ദേശീയ ഏജൻസികളെയോ അറിയിക്കണോ വേണ്ടയോ എന്നുള്ള തീരുമാനം എടുക്കുന്നതും, അതുവഴി കുട്ടികൾക്കോ, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർക്കോ ദീർഘകാലം ആവശ്യമുള്ള സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യും.

- കുട്ടികൾക്കെതിരെയോ, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർക്കെതിരെയോ ഉള്ള അതിക്രമങ്ങൾക്കെതിരെ ലഭിക്കുന്ന വിശ്വാസയോഗ്യമായ വിവരങ്ങളോട് NAPP യുടെ നടപടിക്രമങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് പ്രതികരിക്കുകയും, ബാധിതരായ കുട്ടികളുടെയും/ സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരുടെയും താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട്, ഇനി മേലിൽ ഇത്തരം സംഭവങ്ങൾ മൂലം അവർക്ക് കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തി, ഈ സംഭവം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യൂം.

- NAPPയുടെ സി.ഇ.ഒ അല്ലെങ്കിൽ അദ്ദേഹത്തിന്റെ/അവരുടെ സ്ഥാനം വഹിക്കുന്നവർ ആവശ്യപ്പെട്ടാൽ കുട്ടികൾക്കെതിരെയോ, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർക്കെതിരെയോ ഉള്ള അതിക്രമങ്ങൾക്കെതിരെ ഏതു തരത്തിലുമുള്ള അന്വേഷണം നടത്താനും പൂർണ്ണ സഹകരണവും, ഉറപ്പും നൽകും. സി.ഇ.ഒ അല്ലെങ്കിൽ അദ്ദേഹത്തിന്റെ/അവരുടെ സ്ഥാനം വഹിക്കുന്നവർ ആവശ്യപ്പെടാതെ ഒരു വ്യക്തിയ്ക്കും (NAPP ജീവനക്കാർ, കരാർ തൊഴിലാളികൾ, പ്രതിനിധികൾ ആരുമാവട്ടെ) സ്വന്തം നിലയിൽ അന്വേഷണം നടത്താനോ, ഇക്കാര്യത്തിൽ അധികവിവരങ്ങൾ കണ്ടെത്താനോ പാടില്ല.

- കുട്ടികൾക്ക് പ്രത്യേകമായി അവരുടെ ആശങ്കകൾ, അവകാശങ്ങൾ എന്നിവയെക്കുറിച്ച് സംസാരിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും അവരോട്

FAIRTRADE
NETWORK OF ASIA & PACIFIC PRODUCERS

ബഹുമാനപൂർവം ഇടപെടുകയും ചെയ്യുന്ന സാഹചര്യങ്ങൾ ഒരുക്കുവാൻ സഹായിക്കുകയും ചെയ്യും.

- കുട്ടികളുടെ ചിത്രങ്ങൾ, വീഡിയോ, അവരുടെ മുഖാമുഖം എന്നിവ എടുക്കുന്നതിനു മുൻപ് അവരുടെ അനുമതി ചോദിക്കും. (മാതാപിതാക്കളോ, രക്ഷാകർത്താക്കളോ ഒരു അനുമതിപത്രം ഒപ്പിട്ടു നൽകണം). അവർ 'വേണ്ട' എന്നു പറഞ്ഞാൽ ആ അഭിപ്രായം മാനിക്കും. കുട്ടികൾക്കുള്ള കഥകൾ ചിത്രങ്ങൾ എന്നിവ അവർക്ക് ഏറ്റവും ഗുണകരമായുള്ളവയായിരിക്കണം. ലിംഗപരമായ ആക്രമണങ്ങൾ ഉൾപ്പടെയുള്ള നിർബന്ധിത തൊഴിൽ ചെയ്യിപ്പിക്കുന്നതിന് ഇരയായ കുട്ടികൾ, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർ എന്നിവരുടെ ചിത്രങ്ങൾ യാതൊരു കാരണവശാലും എടുക്കാൻ പാടില്ല; ഇക്കാര്യത്തിൽ അവർ സമ്മതിച്ചാൽത്തന്നെ നിയമപരമായി അവരുടെ സാഹചര്യം ഇക്കാര്യത്തിൽ സമ്മതത്തിന് അനുവദിക്കാത്തതിനാൽ ഈ സമ്മതം സാധുവായിരിക്കില്ല. എല്ലാത്തിലുമുപരി സംരക്ഷണത്തിനാണ് പ്രാധാന്യം നൽകും.

- കുട്ടികൾ, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർ എന്നിവരുടെ സംരക്ഷണ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന NAPP ഉദ്യോഗസ്ഥർ, NAPP ബോർഡ് ഓഫ് ഡയറക്ടർമാർ അല്ലെങ്കിൽ കമ്മറ്റികൾ, അല്ലെങ്കിൽ സംഘടനയെ പ്രതിനിധീകരിക്കുന്നതോ, സംഘടനയുമായി ബന്ധമുള്ളതോ ആയ വ്യക്തികൾ എന്നിവരുടെ മോശമായ പെരുമാറ്റത്തെക്കുറിച്ചുള്ള വിവരം ലഭിക്കുകയാണെങ്കിൽ, അല്ലെങ്കിൽ/കൂടാതെ ഇവർ ആരെങ്കിലും സംരക്ഷണ നയത്തിനു വിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ, ഇക്കാര്യം കൃത്യമായി NAPP യുടെ പരിശീലനം ലഭിച്ച സി.ഇ.ഒ അല്ലെങ്കിൽ ആ സ്ഥാനം വഹിക്കുന്നവരോ, അല്ലെങ്കിൽ ബന്ധപ്പെട്ട അധികാരികൾക്ക് ആരെങ്കിലും പരാതിയായി സമർപ്പിച്ചിട്ടുണ്ടെങ്കിൽ അവരോ, നിയമപരമായി അന്വേഷിക്കുന്നതായിരിക്കുമെന്ന് ഓർക്കുക. സി.ഇ.ഒ അല്ലെങ്കിൽ ആ സ്ഥാനം വഹിക്കുന്നവർക്കെതിരെ എന്തെങ്കിലും ആരോപണം അല്ലെങ്കിൽ വിവരം നൽകണം എന്നുണ്ടെങ്കിൽ, അഭിപ്രായവ്യത്യാസങ്ങൾ ഒഴിവാക്കുന്നതിനായി, ഇക്കാര്യം തൊട്ടടുത്ത സ്ഥാനം വഹിക്കുന്നവരെയോ, അല്ലെങ്കിൽ/ കൂടാതെ NAPP ബോർഡ് അദ്ധ്യക്ഷനെയോ അറിയിക്കുന്നതായിരിക്കും.

- കുട്ടികൾ, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർ എന്നിവരുടെ സംരക്ഷണ നടപടിക്രമങ്ങളെക്കുറിച്ച് നന്നായി അറിഞ്ഞിരിക്കുക. ഒപ്പം ബാലവേല, നിർബന്ധിത തൊഴിൽ, എന്നിവയിൽ കുട്ടികൾ/ സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവർ എന്നിവരുടെ കാര്യത്തിൽ പ്രതികരിക്കണമെങ്കിൽ, അക്കാര്യത്തെക്കുറിച്ച് Fairtradeന്റെ നിലവിലുള്ള നയങ്ങളിൽ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾ മനസ്സിലാക്കുക.

**എഫ്: ആശയവിനിമയത്തിനുള്ള നടപടിക്രമങ്ങൾ:**

- കുട്ടികളുടെയും, സ്വയം രക്ഷിക്കാനാകാത്ത മുതിർന്നവരുടെയും സംരക്ഷണത്തെക്കുറിച്ചുള്ള എല്ലാ വിവരവും NAPPയുടെ സ്വകാര്യ സ്വത്തായിരിക്കും. അതിനാൽ, ഇത്തരം വിവരങ്ങളെക്കുറിച്ചുള്ള ആഭ്യന്തരവും, ബാഹ്യവുമായ എല്ലാ ആശയവിനിമയങ്ങൾക്കും, NAPPയ്ക്ക് കീഴിലുള്ള ജീവനക്കാർ, NAPPയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നവർ എന്നിവരെല്ലാം സംഘടനയുടെ നിയമകാര്യവിദഗ്ധർക്ക് ആവശ്യമെന്നു തോന്നുന്നതനുസരിച്ച്, സ്വകാര്യത കാത്തുസൂക്ഷിക്കുന്നതിനുള്ള പ്രത്യേക സമ്മതപത്രം ഒപ്പിടേണ്ടതാണ്. ഇക്കാര്യം ഓരോ സംഭവത്തിനും പ്രത്യേകമായായിരിക്കും തീരുമാനിക്കുക.

- കുട്ടികളുടെയും, സ്വയം രക്ഷിക്കാനാകാത്ത മുതിർന്നവരുടെയും സംരക്ഷണത്തെക്കുറിച്ചുള്ള എല്ലാ വിവരവും അതീവ സംവേദനക്ഷമമാകയാൽ (സെൻസിറ്റീവ്) ഇത്തരം വിഷയങ്ങളെക്കുറിച്ചുള്ള ആശയവിനിമയങ്ങൾ നടത്തുമ്പോൾ ആവശ്യമായ ജാഗ്രത പുലർത്തേണ്ടതാണ്. കുട്ടികളുടെ സംരക്ഷണത്തെക്കുറിച്ചുള്ള വിവരം നൽകുന്നവരും, ലഭിക്കുന്നവരും, കൈകാര്യം ചെയ്യുന്നവരും ഇതിന് ഉത്തരവാദപ്പെടുത്തിയവർ മാത്രമാണെന്നുള്ള കാര്യം ഉറപ്പുവരുത്തണം. അതിനാൽ ഈ വിഷയത്തിലുള്ള ഏത് ആശയവിനിമയവും ഇമെയിൽ **സബ്ജക്ട്** ലൈനിലും, ഇമെയിൽ ഉള്ളടക്കത്തിലും, അറ്റാച്ച്മെന്റുകളിലും '**കോൺഫിഡൻഷ്യൽ**' എന്നു രേഖപ്പെടുത്തിയ ശേഷം മാത്രമായിരിക്കണം കൈമാറുന്നത്.

  കുട്ടികളുടെയും, സ്വയം രക്ഷിക്കാനാകാത്ത മുതിർന്നവരുടെയും സംരക്ഷണത്തെക്കുറിച്ചുള്ള ഒരു വിവരവും, ഒരു നടപടിയും മറ്റൊരു സ്ഥാപനം, വ്യക്തി എന്നിവരോട് വെളിപ്പെടുത്താൻ പാടില്ല. അഥവാ ഇത്തരം കാര്യങ്ങളിൽ ആരെങ്കിലും വിവരം നൽകുകയാണെങ്കിൽ, ആ വ്യക്തി ഇതുവഴി കുട്ടികളുടെയും സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരുടെയും ഗുണത്തിനായാണ് നൽകുന്നതെന്ന് വിശ്വസിച്ചാണ് കൈമാറുന്നതെങ്കിൽപ്പോലും ഒരിക്കലും അത് സ്വീകരിക്കാൻ പാടില്ല.

- സംരക്ഷണത്തെക്കുറിച്ച് പ്രത്യേക വിവരങ്ങൾ നയിക്കുന്ന ഏതു വ്യക്തിയും ഫെയർട്രേഡ് സിസ്റ്റത്തിനുള്ളിലോ പുറത്തോ ഉള്ള ആരോടെങ്കിലും ഇക്കാര്യം പങ്കുവയ്ക്കാനുള്ള അദ്ദേഹത്തിന്റെ/അവരുടെ ആഗ്രഹം ആദ്യമായി ചർച്ച ചെയ്യേണ്ടത് NAPPയുടെ സി.ഇ.ഒ അല്ലെങ്കിൽ അദ്ദേഹത്തിന്റെ/അവരുടെ സ്ഥാനം വഹിക്കുന്നവരുമായിട്ടായിരിക്കണം. ഇത് NAPPയുടെ സി.ഇ.ഒ, ചെയർമാൻ എന്നിവർക്കും ബാധകമാണ്.

- NAPPയുടെ സി.ഇ.ഒ അല്ലെങ്കിൽ അദ്ദേഹത്തിന്റെ/അവരുടെ സ്ഥാനം വഹിക്കുന്നവർക്ക് ലിംഗപരമായ വിവേചനം അടിസ്ഥാനമാക്കിയുള്ള പീഡനം ഉൾപ്പടെ ഏറ്റവും അധമമായ ബാലവേല, അല്ലെങ്കിൽ നിർബന്ധിത തൊഴിൽ

എന്നിവയെക്കുറിച്ച് ഒരു ആരോപണം ലഭിച്ചാൽ 15 പ്രവർത്തി ദിവസത്തിനകം ഇക്കാര്യത്തിൽ നടപടികൾ എടുക്കാൻ അദ്ദേഹം/അവർ പ്രതിജ്ഞാബദ്ധമായിരിക്കണം.

**ഈ മാനദണ്ഡങ്ങൾക്ക് അനുമതി നൽകിയത്:**

NAPP ജനറൽ അസംബ്ലിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാം എന്നുറപ്പു നൽകിക്കൊണ്ട് NAPP ബോർഡ് ഓഫ് ഡയറക്ടർമാർ

Network of Asia and Pacific Producers – Chair of Board മി.ജ്ഞാനശേഖരൻ രാജരത്നം

FAIRTRADE
NETWORK OF ASIA & PACIFIC PRODUCERS

**അനുബന്ധംഎ)**

**കുട്ടികൾക്കും, സ്വയം രക്ഷിക്കാനാകാത്ത മുതിർന്നവർക്കും NAPP നൽകുന്ന സംരക്ഷണം**

I,________________________________[പേരു ചേർക്കുക], NAPP യുടെ സംരക്ഷണ നയം വായിച്ചു മനസ്സിലാക്കിയതായും, NAPP യുമായി ചേർന്നു പ്രവർത്തിക്കുന്ന സമയത്ത് താഴെപ്പറയുന്നവ നിർബന്ധമായും പിന്തുടരാമെന്നും ഉറപ്പുനൽകുന്നു:

> കുട്ടികളോടും അല്ലെങ്കിൽ/ കൂടാതെ സ്വയം രക്ഷിക്കാനാകാത്ത മുതിർന്നവരോടും വംശം, നിറം, ലിംഗം, ഭാഷ, മതം, രാഷ്ട്രീയമോ മറ്റെന്തെങ്കിലും കാരണം കൊണ്ടോ ഉള്ള അഭിപ്രായങ്ങൾ, ദേശീയത, ജനിച്ച വംശം, ജനിച്ച സമൂഹം, സ്വത്ത്, ശാരീരിക പരിമിതികൾ, ജനനം, മറ്റെന്തെങ്കിലും അവസ്ഥകൾ എന്നിവയ്ക്കതീതമായി, ബഹുമാനത്തോടു കൂടി പെരുമാറുക,

> കുട്ടികളോടും, മുതിർന്നവരോടും ഉപയോഗിക്കാൻ പാടില്ലാത്ത ശല്യപ്പെടുത്തുന്നതും, അവഹേളിക്കുന്നതും, ലൈംഗികച്ചുവയുള്ളതും, അപമാനിക്കുന്നതും, അല്ലെങ്കിൽ സാംസ്കാരികമായി ശരിയല്ലാത്തതുമായ ഭാഷയിൽ സംസാരിക്കുകയോ, പെരുമാറുകയോ ചെയ്യാതിരിക്കുക

> 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ലൈംഗികത്തൊഴിലുകൾക്കോ പ്രവർത്തനങ്ങൾക്കോ പണം നൽകുന്നതുൾപ്പടെ ഒരുതരത്തിലുമുള്ള, ലൈംഗികബന്ധമുൾപ്പടെയുള്ള, ലൈംഗികപ്രവർത്തനങ്ങൾ ചെയ്യാതിരിക്കുക

> NAPPയിലോ, നിർമ്മാണ സംഘടനകളിലോ, പങ്കാളി സംഘടനകളിലോ പ്രവർത്തിക്കുന്ന 18 വയസ്സിനു മുകളിലുള്ള ആർക്കു നേരെയും ലൈംഗികാതിക്രമം, അത്തരം മോശം പ്രവർത്തികൾ എന്നിവ ചെയ്യാതിരിക്കുക

> സാദ്ധ്യമായ സ്ഥലങ്ങളിൽ, എവിടെയായാലും, കുട്ടികൾക്കും, സ്വയം രക്ഷിക്കാനാകാത്ത മുതിർന്നവർക്കും സമീപം പ്രവർത്തിക്കുമ്പോൾ മറ്റൊരു പ്രായപൂർത്തിയായ വ്യക്തികൂടി അടുത്തുണ്ടെന്ന് ഉറപ്പുവരുത്തുക,

> മുറിവേറ്റ് അപകടത്തിലാവുക, മറ്റ് ശാരീരികമായ അപകടങ്ങളിൽ പെടാൻ സാദ്ധ്യതയുണ്ടാവുക എന്നീ സാഹചര്യങ്ങളിൽ, ഒരു സൂപ്പർവൈസറുടെ അനുമതിയും, മറ്റൊരു മുതിർന്ന വ്യക്തി കൂടെയുമില്ലാതെ, മുതിർന്ന കുട്ടികളെ ഒറ്റയ്ക്ക് എന്റെ വീട്ടിലേക്ക് ക്ഷണിക്കാതിരിക്കുക.

> മുതിർന്നവരുടെ മേൽനോട്ടമില്ലാതെ തനിയെ ഉറങ്ങുന്ന കുട്ടികൾക്കരികെ ഉറങ്ങാതിരിക്കുക,

- കമ്പ്യൂട്ടറുകൾ, മൊബൈൽ ഫോണുകൾ, വീഡിയോ കാമറകൾ അല്ലെങ്കിൽ സാമൂഹ്യമാദ്ധ്യമങ്ങൾ ശരിയായ രീതിയിൽ മാത്രം ഉപയോഗിക്കുക, ഇവ ഒരിക്കലും കുട്ടികളെയോ, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരെയോ ചൂഷണം ചെയ്യാനോ, ശല്യപ്പെടുത്താനോ ഉപയോഗിക്കരുത്.

- കുട്ടികളിൽ ശാരീരിക ശിക്ഷാ നടപടികൾ പ്രയോഗിക്കരുത്

- കുട്ടികളെ വീട്ടുജോലിക്കോ മറ്റു ജോലികൾക്കോ എടുക്കാതിരിക്കുക, പഠനത്തിനും, വിനോദങ്ങൾക്കുമായി വിനിയോഗിച്ച് മാനസികവും ശാരീരികവുമായ വികാസം പ്രാപിക്കേണ്ട പ്രായത്തിൽ കുട്ടികളെ ഇത്തരം ജോലികൾക്ക് എടുക്കുന്നത് തെറ്റാണ്

- തൊഴിൽ നിയമങ്ങൾ ഉൾപ്പടെ നിർബന്ധിത തൊഴിൽ, ബാലവേല, ലിംഗപരമായ വിവേചനത്തോടുകൂടിയ പീഡനം എന്നിവയെ സംബന്ധിക്കുന്ന എല്ലാ നിയമങ്ങളോടും വിധേയത്വം പുലർത്തും

- ചൂഷണം, പീഡനം, NAPPസംരക്ഷണ നയത്തിൽ പരാമർശിച്ചിരിക്കുന്ന നയങ്ങൾ, നടപടിക്രമങ്ങൾ എന്നിവയുടെ ലംഘനം എന്നിവയിൽ വരുന്ന ആരോപണങ്ങൾ, ആശങ്കകൾ എന്നിവ എത്രയും പെട്ടെന്ന് റിപ്പോർട്ട് ചെയ്യുക

- ഞാൻ NAPPയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സമയത്തോ അതിനു മുൻപോ പീഡനം, ചൂഷണം എന്നിവയുമായി ബന്ധപ്പെട്ടു വരുന്ന/ വന്നിരുന്ന എല്ലാ ആരോപണങ്ങളും, കുറ്റക്കാരനെന്നു തെളിഞ്ഞതും, ഒരു കുറ്റത്തിന്റെ ഫലമായി വന്ന മറ്റെന്തു കാര്യവും ഞാൻ പെട്ടെന്ന് വെളിപ്പെടുത്തും.

മേൽപ്പറഞ്ഞ പെരുമാറ്റ സംഹിതയിൽ വരുന്ന ഏത് ലംഘനവും നടപടിക്രമങ്ങൾ പാലിച്ച് എത്രയും പെട്ടെന്ന് അറിയിക്കേണ്ടതാണെന്നും, ഇവയിൽ NAPP ലെ എന്റെ ജോലിയിൽ നിന്ന് പുറത്താക്കൽ, നീക്കം ചെയ്യൽ മുതലായ നടപടികൾ ഉണ്ടാകാമെന്നും ഞാൻ മനസ്സിലാക്കുന്നു.

ഒപ്പ്: തീയതി: **17th Jan 2020**

**ബോർഡ് അദ്ധ്യക്ഷൻ:** മി.ജ്ഞാനശേഖരൻ രാജരത്നം
**ചീഫ് ഓപ്പറേറ്റിങ് ഓഫീസർ:** മി. മഞ്ജീത് സിങ് ഖുറാന

**അനുബന്ധം B**

**പ്രതിജ്ഞാ സമ്മതപത്രം**

ഞാൻ, ________________________________________, സ്വയം സംരക്ഷിക്കാനാകാത്ത മുതിർന്നവരെയും സംരക്ഷിക്കുന്നതിനുള്ള NAPP നയത്തെക്കുറിച്ച് പരിശീലനം ലഭിച്ച ആളാണ്, ഞാൻ ഇതിനോട് പ്രതിബദ്ധത പുലർത്തുമെന്ന് ഇതിനാൽ ഉറപ്പുനൽകുന്നു.

ഒപ്പ്: തീയതി:

പേര് :
ഔദ്യോഗികനാമം :

FAIRTRADE
NETWORK OF ASIA & PACIFIC PRODUCERS

**അനുബന്ധംC പ്രൊട്ടക്ഷൻ റിപ്പോർട്ടിങ്**

*അനുബന്ധം A - പ്രൊട്ടക്ഷൻ റിപ്പോർട്ടിങ് ഫോം1*[2]

**ആദ്യ റിപ്പോർട്ട്**

**രഹസ്യസ്വഭാവമുള്ളത്-**
**താഴെപ്പറയുന്നവ 'ആവശ്യമെങ്കിൽ' മാത്രം പങ്കുവയ്ക്കേണ്ടതാണ്**

**കഴിയുന്നത്ര വിവരങ്ങൾ ചേർത്ത് പൂരിപ്പിക്കുക** _

**എന്തു വിവരമാണ് നൽകുന്നത്?**
☐ പീഡനാരോപണം- പീഡനം നടക്കുന്നുണ്ടാവുമെന്ന് പൊതുവിലുള്ള സംശയം/ആശങ്ക
☐ പീഡനത്തിനു സാക്ഷിയാവുക - യഥാർത്ഥ പീഡനത്തിനു സാക്ഷിയായി
☐ സംരക്ഷണത്തിലുള്ള പരാതി- കുട്ടിയുടെയോ അല്ലെങ്കിൽ/കൂടാതെ മുതിർന്നവരുടെയോ തുറന്നു പറച്ചിൽ

**റിപ്പോർട്ടിന്റെ വിശദാംശങ്ങൾ:**

സമയം: ______________ തീയതി: ____________ സ്ഥലം: __________________________

**വിവരം നൽകുന്നയാളുടെ വിശദാംശങ്ങൾ:**
പേര്: __________________________________ പൌരത്വം: __________________________
വിലാസം/ ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ:
____________________________________________________________________________
____________________________________________________________________________

ജനനത്തീയതി: _________ പ്രായം: _____________ ലിംഗം: ____________ (പുരുഷൻ/സ്ത്രീ)

ഇരയുമായുള്ള ബന്ധം:
_______________________________________________________________________________

തൊഴിൽ: ___________________________ തൊഴിലുടമ: ____________________

**ഇരയെന്നു പറയുന്ന വ്യക്തിയുടെ വിശദാംശങ്ങൾ:** *( അറിയുന്നത്ര കാര്യങ്ങൾ ചേർക്കുക)*